കില വാർത്താപത്രിക

VOLUME-11
ISSUE-12
DECEMBER 2018

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

നവകേരളം കർമ്മപദ്ധതി ദ്വിദിന ശില്പശാല തിരുവനന്തപുരത്ത് മുഖ്യമന്ത്രി **പിണറായി വിജയൻ** ഉദ്ഘാടനം ചെയ്യുന്നു

നവകേരളം കർമ്മപദ്ധതിക്കായി തലസ്ഥാനത്തു ദ്വിദിന ശില്പശാല

നവകേരളസൃഷ്ടിക്കു ഊന്നൽ നൽകുന്ന പുതിയ പദ്ധതികൾക്കു ഗുണനിലവാരം ഉറപ്പാക്കണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. പാരിസ്ഥിതിക സവിശേഷതയ്ക്കു പ്രാധാന്യം നൽകിയായിരിക്കണം പദ്ധതി പ്രവർത്തനങ്ങൾ. നവകേരളം കർമ്മപദ്ധതി ദ്വിദിന ശില്പശാല തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തദ്ദേശഭരണസ്ഥാപനങ്ങളുടെ 2019-20 ലെ വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനം ഡിസംബർ അവസാനത്തോടെ പൂർത്തിയാകും. 17-18 വർഷത്തിൽ പദ്ധതി ചെലവ് 90 ശതമാനത്തിലധികം കൈവരിക്കാൻ സംസ്ഥാനത്തിനായി. പ്രളയം സൃഷ്ടിച്ച പ്രതിസന്ധിയിലും 45 ശതമാനം പദ്ധതി ചെലവു കൈവരിച്ചു. രാജ്യത്ത് ആദ്യമായി ജില്ലാപദ്ധതികളും തയ്യാറാക്കി. നവകേരള നിർമ്മിതിക്കു മിഷനുകളുടെ പ്രവർത്തനത്തെ കൂടുതൽ യോജിപ്പിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

നവകേരളം കർമ്മപദ്ധതി ശില്പശാലയിൽ സംസ്ഥാനത്തെ മുഴുവൻ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്ത് അദ്ധ്യക്ഷന്മാരും മുനിസിപ്പൽ ചെയർമാൻമാരും മേയർമാരും പങ്കെടുത്തു. പദ്ധതിയുടെ രണ്ടുവർഷത്തെ അനുഭവങ്ങൾ ഇവർ പങ്കിട്ടു. മുഖ്യമന്ത്രി പിണറായി വിജയൻ വിഷയാവതരണം നടത്തി. കേരളത്തെ ഹരിതാഭമാക്കാനുള്ള ഹരിതകേരളം, വിദ്യാഭ്യാസ ഉന്നതിക്കായുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, പാവപ്പെട്ടവരുടെ പാർപ്പിട സ്വപ്നവും ജീവനോപാധികളും സഫലമാക്കുന്ന ലൈഫ്, ആരോഗ്യസമ്പുഷ്ട സമൂഹത്തെ സൃഷ്ടിക്കുന്ന ആർദ്രം എന്നീ നാലു മിഷനുകളുടെ ഭാവി പരിപാടികൾ ചിട്ടപ്പെടുത്തുന്നതിനാണ് ശില്പശാല സംഘടിപ്പിച്ചത്. തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി. മൊയ്തീൻ അദ്ധ്യക്ഷനായിരുന്നു. മന്ത്രിമാരായ കെ.കെ. ശൈലജ, പ്രൊഫ. സി.രവീന്ദ്രനാഥ്, രാമചന്ദ്രൻ കടന്നപ്പള്ളി, തിരുവനന്തപുരം മേയർ വി.കെ.പ്രശാന്ത്, തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, ചീഫ് സെക്രട്ടറി ടോം ജോസഫ്, മേയേഴ്സ് കൗൺസിൽ പ്രസിഡന്റ് തോട്ടത്തിൽ രവീന്ദ്രൻ, പ്ലാനിംഗ് ബോർഡ് ഉപാധ്യക്ഷൻ ഡോ.വി.കെ.രാമചന്ദ്രൻ, അംഗങ്ങളായ ഡോ. കെ.എൻ.ഹരിലാൽ, ഡോ. ബി.ഇക്ബാൽ, ഡോ. മൃദുൽ ഈപ്പൻ, നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ ചെറിയാൻ ഫിലിപ്പ്, ഹരിതകേരളം മിഷൻ ഉപാദ്ധ്യക്ഷ ഡോ. ടി.എൻ. സീമ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. കെ. തുളസീഭായി പത്മനാഭൻ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാൻസ് അദ്ധ്യക്ഷൻ വി.വി.രമേശൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ആർ. സുഭാഷ്, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, സർക്കാരിന്റെ വികസന ഉപദേഷ്ടാവ് സി.എസ്. രഞ്ജിത് എന്നിവർ പങ്കെടുത്തു.

തുടർന്നു നടന്ന ലൈഫ് മിഷൻ അവലോകനവും ഭാവി പരിപാടികളും എന്ന സെഷനിൽ മന്ത്രി എ.സി. മൊയ്തീൻ അദ്ധ്യക്ഷത വഹിച്ചു. മന്ത്രിമാരായ ടി.പി.രാമകൃഷ്ണൻ, ജെ.മേഴ്സിക്കുട്ടിയമ്മ ലൈഫ് മിഷൻ സി.ഇ.ഒ എം. ശിവശങ്കരൻ, വിശ്വംഭരപ്പണിക്കർ, എസ്.ഹരികിഷോർ, ദിവ്യ എസ്. അയ്യർ, കെ.ചാമുണ്ണി എന്നിവർ സംസാരിച്ചു. ഹരിതകേരളം മിഷൻ അവലോകന സെഷനിൽ ഡോ.ടി.എൻ. സീമ അദ്ധ്യക്ഷയായി. മന്ത്രി വി.എസ്. സുനിൽകുമാർ ആമുഖപ്രഭാഷണം നടത്തി. വിവിധ കലാപരിപാടികളുമുണ്ടായിരുന്നു. സമാപനസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ക്രോഡീകരണ സന്ദേശം നൽകി.

തദ്ദേശസ്വയംഭരണവകുപ്പ്: വാർത്തകളും അറിയിപ്പുകളും

ലാപ്ടോപ് വാറണ്ടി കാലാവധി

പട്ടികജാതി-പട്ടികവർഗ്ഗത്തിലെ അർഹരായ വിദ്യാർത്ഥികൾക്കു ലാപ്ടോപ് നൽകുന്ന പദ്ധതിയിൽ പെടുത്തി ലാപ്ടോപ് വാങ്ങുമ്പോൾ ഐ.ടി. മിഷൻ ഡയറക്ടർ നൽകിയ മിഡ് ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതായിരിക്കണം. ആയതിനു അഞ്ചുവർഷം വാറണ്ടി വേണമെന്ന നിബന്ധന വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും അതു മുന്നു വർഷം കാലാവധി എന്നാക്കുകയും ചെയ്തു 21.11.2018 ൽ സ.ഉ (സാധാ) 2956/2018 തസ്വഭവ നമ്പറായി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ഡെപ്പോസിറ്റ് വർക്കുകളുടെ തുക

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ തുകകൾ സാമ്പത്തികവർഷത്തിന്റെ അവസാനം അടയ്ക്കുന്നതിനാൽ നടപ്പുവർഷം പണികൾ നടത്താൻ കഴിയാതെ വരുന്നു. അതിനാൽ എല്ലാ ഡെപ്പോസിറ്റ് വർക്കുകളുടേയും തുക നവംബർ 30 നകം തദ്ദേശഭരണസ്ഥാപനങ്ങൾ അടയ്ക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ ഡി.എ1 798/18 തസ്വഭവ. തീയതി.21.11.2018

വിവാഹസഹായത്തിനുള്ള അപേക്ഷ കാലാവധി

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായത്തിനു അപേക്ഷിക്കാനുള്ള സമയപരിധി ആറുമാസമായി വർദ്ധിപ്പിച്ചു. കാലാവധിക്കകം അപേക്ഷിക്കാത്ത വിഷയത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാൻ ജില്ലാകലക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. (സ.ഉ. (സാധാ) 2960/2018 തസ്വഭവ. 21.11.2018)

കുടുംബപെൻഷൻകാർക്കും സാമൂഹ്യസുരക്ഷാപെൻഷൻ നൽകാം

സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകൾ കുടുംബ പെൻഷൻ നൽകുന്നത് സ്വന്തം ഫണ്ട് ഉപയോഗിച്ചാണ്. മാത്രമല്ല കുടുംബപെൻഷൻ തുക ക്ഷേമനിധി ബോർഡ് പെൻഷൻ തുകയേക്കാൾ കുറവുമാണ്. ആകയാൽ ക്ഷേമനിധി ബോർഡിലെ കുടുംബ പെൻഷൻകാർക്കു സാമൂഹ്യസുരക്ഷാപെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ കൈപ്പറ്റാത്തവരാണെങ്കിൽ ഒരു സാമൂഹ്യ സുരക്ഷാപെൻഷൻ പൂർണ്ണ നിരക്കിൽ ലഭിക്കാൻ അർഹരാണെന്നു സ്പഷ്ടീകരണം നൽകിയിരിക്കുന്നു. (സർക്കുലർ നമ്പർ 96/2018/ധനവകുപ്പ്.23.10.2018

സീനിയർ സൂപ്രണ്ടുമാർക്കു ചുമതലകൾ നിർണ്ണയിച്ച് ഉത്തരവായി

സംസ്ഥാനത്തെ ജില്ലാപഞ്ചായത്തുകളിലും ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസിലും പഞ്ചായത്ത് ഡയറക്ടറേറ്റിലും ഡി.ബി.ടി. സെല്ലിൽ പുതുതായി സൃഷ്ടിച്ച സീനിയർ സൂപ്രണ്ട് തസ്തികയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർണ്ണയിച്ച് സർക്കാർ ഉത്തരവായി. സ.ഉ. (കൈ)161/2018 തസ്വഭവ.7.1.2018 ഉത്തരവ് പ്രകാരം എല്ലാ ചുമതലകളും ഉത്തരവാദിത്വങ്ങളും വിശദമാക്കിയിട്ടുണ്ട്.

അനിമൽ ബെർത്ത് കൺട്രോൾ ചുമതല

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എ.ബി.സി പ്രോഗ്രാമിനായി കുടുംബശ്രീയെയാണ് ചുമതല എൽപ്പിച്ചിരിക്കുന്നത്. എന്നാൽ 2011 ലെ അനിമൽ ബെർത്ത് കൺട്രോൾസ് റൂൾസ് ചട്ടം 6(2) പ്രകാരം തെരുവുനായ സംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരമുള്ള സന്നദ്ധസംഘടനകളെകൂടി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു എ.ബി.സി പ്രോഗ്രാമിന്റെ ചുമതല ഏല്പിക്കാവുന്നതാണ്. അതിനുള്ള നിബന്ധനകൾ വ്യക്തമാക്കി സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ ആർ.ഡി.3/422/ 2017 തസ്വഭവ. തീയതി. 9.11.2018)

ഇ.എം.എസ് ഭവന പദ്ധതി

ഇ.എം.എസ് ഭവനപദ്ധതിക്കായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു സഹകരണ ബാങ്കുകളിൽനിന്നു അനുവദിച്ച വായ്പയിന്മേൽ ബാങ്കുകൾക്കു പലിശയിനത്തിൽ ലഭ്യമാക്കുവാനുള്ള തുകയിൽ 18 കോടി രൂപ ജില്ലാസഹകരണ ബാങ്കുകൾക്കു ആനുപാതികമായി കുടിശ്ശിക പലിശയിനത്തിൽ വിതരണം ചെയ്യുന്നതിനു ഉത്തരവായിട്ടുണ്ട്.(സ.ഉ.(കൈ)167/2018.തസ്വഭവ. 13.11.2018

എയ്ഡ്സ് ബോധവൽക്കരണ റാലി നടത്തി

മണ്ണുത്തിയിലെ കില സെന്റർ ഫോർ ഗുഡ് ഗവേണൻസിൽ പരിശീലനത്തിനെത്തിയ വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർമാർ ലോക എയ്ഡ്സ് ദിനാചരണത്തോടനുബന്ധിച്ച് മണ്ണുത്തിയിൽ ബോധവൽക്കരണ റാലി നടത്തി. പ്രിൻസിപ്പൽ കെ.ജി. അനിൽ റാലി ഫ്ളാഗ് ഓഫ് ചെയ്തു. കോഴ്സ് കോർഡിനേറ്റർ ഷിഞ്ചു കുരിയൻ ലെക്ചറർമാരായ റെനിൽ റോക്കി, ഡോ. റിൻസി എം. അലി എന്നിവർ നേതൃത്വം നൽകി. ദിനാചരണത്തിന്റെ ഭാഗമായി റെഡ് റിബൺ അണിയിക്കൽ, രക്തപരിശോധനാക്യാമ്പ്, ബോധവൽക്കരണക്ലാസ്സ് എന്നിവയും പരിശീലനകേന്ദ്രത്തിൽ സംഘടിപ്പിച്ചു. കാസർകോഡ് മുതൽ ഇടുക്കിവരെയുള്ള ഒമ്പതു ജില്ലകളിൽനിന്നുള്ള വി.ഇ.ഒ മാരാണ് ഇൻ സർവീസ് പരിശീലനത്തിൽ പങ്കെടുത്തത്.

കിലയിൽ സംഘടിപ്പിച്ച കണ്ണൂർ, കോഴിക്കോട് സർവകലാശാലകളുടെ കീഴിലുള്ള സ്വാശ്രയകോളേജുകളിലെ പ്രിൻസിപ്പൽമാരുടേയും മാനേജർമാരുടേയും യോഗത്തിൽ മന്ത്രി **ഡോ.കെ.ടി.ജലീൽ** സംസാരിക്കുന്നു.

കോളേജുകളെ വിലയിരുത്താൻ സാക് അക്രഡിറ്റേഷൻ : മന്ത്രി ഡോ.കെ.ടി.ജലീൽ

സ്വാശ്രയസ്ഥാപനങ്ങളുൾപ്പെടെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനു 2019 ജനുവരി ഒന്നുമുതൽ സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (സാക്) നിലവിൽ വരുമെന്ന് ഉന്നതവിദ്യാഭ്യാസവകുപ്പുമന്ത്രി ഡോ.കെ.ടി.ജലീൽ അറിയിച്ചു. കിലയിൽ സംഘടിപ്പിച്ച കണ്ണൂർ, കോഴിക്കോട് സർവകലാശാലകളുടെ കീഴിലുള്ള സ്വാശ്രയകോളേജുകളിലെ പ്രിൻസിപ്പൽമാരുടേയും മാനേജർമാരുടേയും യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സാക് റാങ്കിംഗിന്റെ അടിസ്ഥാനത്തിലാണ് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനു അനുമതി നൽകുക. സാക് വിലയിരുത്തലിൽ നിശ്ചിത സ്ഥാനത്തെത്തുന്ന സ്വാശ്രയ കോളേജുകൾക്കു സ്ഥിരം അഫിലിയേഷൻ നൽകാൻ വ്യവസ്ഥ ചെയ്യും. സ്കൂൾ വിദ്യാഭ്യാസമേഖലയിൽ നേടിയ നേട്ടം ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആവർത്തിക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല. ഈ സ്ഥിതിക്കു മാറ്റം വേണം. ഇക്കാര്യത്തിൽ സ്വാശ്രയമേഖലയ്ക്കു വലിയ പങ്കാണു വഹിക്കാനുള്ളത്. ഗവർമെന്റ്-എയ്ഡഡ് കോളേജുകളിലെ അക്കാദമിക്ക് നിലവാരത്തിലേക്കു സ്വാശ്രയകോളേജുകളേയും ഉയർത്തും. പുതിയ സ്വാശ്രയകോളേജുകൾ അനുവദിക്കേണ്ട സാഹചര്യം നിലവിലില്ല.

വിദ്യാഭ്യാസം വ്യവസായമല്ലെന്നും ലാഭമല്ല ലക്ഷ്യമിടേണ്ടതെന്നും മന്ത്രി പറഞ്ഞു. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഉയർത്തിപ്പിടിച്ചു മാത്രമേ സ്വാശ്രയ സ്ഥാപനങ്ങൾക്കു മുന്നോട്ടുപോകാൻ സാധിക്കൂ. യുജിസി നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവരെ മാത്രം പ്രിൻസിപ്പൽമാരായും അധ്യാപകരായും നിയമിക്കണം. അധ്യാപകർക്കു ചുരുങ്ങിയത് അഞ്ചുവർഷത്തെ സേവന കരാർ ഏർപ്പെടുത്തുകയും കൃത്യമായി ശമ്പളം നൽകുകയും വേണം. കോളേജുകളിൽ വിദ്യാർത്ഥികൾക്കു സംഘടനാസ്വാതന്ത്ര്യം അനുവദിക്കണം. ക്യാമ്പസുകളിൽ മാഫിയാസംഘങ്ങൾ പിടിമുറുക്കുന്നതു തടയാൻ വിദ്യാർത്ഥി രാഷ്ട്രീയം സഹായകമാകും. മൂല്യനിർണ്ണയത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്കു ശമ്പളം നൽകാത്ത സാഹചര്യം സർക്കാർ അനുവദിക്കില്ലെന്നും മന്ത്രി വ്യക്തമാക്കി. ഉന്നത വിദ്യാഭ്യാസ അഡീഷ്ണൽ സെക്രട്ടറി എ.ജെയിംസ് രാജ്, കണ്ണൂർ-കോഴിക്കോട് സർവകലാശാലകളിലെ രജിസ്ട്രാർമാർ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

നഗരസഭകളിലെ ഉദ്യോഗസ്ഥർക്കു പരിശീലനം

നഗരകാര്യ ഡയറക്ടറേറ്റിലേയും നഗരസഭകളിലേയും ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള മൂന്നുദിവസത്തെ സംസ്ഥാനതല പരിശീലനം കിലയിൽ സംഘടിപ്പിച്ചു. കില അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ് ഉദ്ഘാടനം ചെയ്തു. 19 നഗരസഭകളിൽനിന്നുള്ളവരാണ് ആദ്യബാച്ചിൽ പങ്കെടുത്തത്. 15 ബാച്ചുകളിലായി നഗരസഭകളിലെ മുഴുവൻ മിനിസ്റ്റീരിയൽ ജീവനക്കാർക്കും പരിശീലനം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കേരള മുനിസിപ്പാലിറ്റി ആക്ട്, വിഭവസമാഹരണം, നികുതിനിർണയം, ബജറ്റിംഗ്, ഓഡിറ്റ്, നഗരസഭ കെട്ടിടനിർമ്മാണ ചട്ടങ്ങൾ, സേവനാവകാശവും വിവരാവകാശനിയമങ്ങളും, മാലിന്യപരിപാലനം, കേന്ദ്രാവിഷ്കൃത പദ്ധതികൾ, വികേന്ദ്രീകൃതാസൂത്രണം, കേരള സർവീസ് റൂൾസ് തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം. പി.എം. ദേവരാജൻ, മുഹമ്മദാലി, എ.എം. സലിം കെ.വി.അനിൽകുമാർ, ടി.എസ്.സെയ്ഫുദ്ദീൻ, ബാലഗംഗാധരൻ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

നിർവഹണ ഉദ്യോഗസ്ഥർക്കു പരിശീലനം

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട അടുത്ത വർഷത്തെ (2019-2020) പദ്ധതി പ്രവർത്തനങ്ങളുടെ തൃശ്ശൂർ ജില്ലയിലെ നിർവഹണ ഉദ്യോഗസ്ഥർക്കും വെറ്റിംഗ് ഓഫീസർമാർക്കുമുള്ള ഏകദിന പരിശീലനം കിലയിൽ സംഘടിപ്പിച്ചു. വിവിധ ദിവസങ്ങളിലായി 16 വരെയാണ് പരിശീലനം. ജനകീയാസൂത്രണം ജില്ലാ കോർഡിനേറ്റർ വി.വി. സുധാകരൻ ഉദ്ഘാടനം ചെയ്തു. പഴയന്നൂർ, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിൽ പെട്ട ഗ്രാമ-ബ്ലോക്ക്-നഗരസഭകളിൽനിന്നുള്ള 120 പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

പ്രോജക്ടിന്റെ ഗുണമേന്മ വർദ്ധിപ്പിക്കൽ, മാർഗ്ഗരേഖയിലെ മാറ്റങ്ങൾ, പ്രോജക്ട് വെറ്റിംഗ് അംഗീകാരം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. ഡോ. കിരൺ മേനോൻ, എസ്.ആർ.ജി മെമ്പർ ജി.കെ സദനരാജ്, മനോജ്കുമാർ, ടി.ജി. സുജിത് എന്നിവർ നേതൃത്വം നൽകി.

തിരുവനന്തപുരത്ത് സംഘടിപ്പിച്ച നവകേരളം കർമ്മപദ്ധതി ദ്വിദിന ശില്പശാലയിൽ പങ്കെടുത്ത ജനപ്രതിനിധികൾ

കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ കിലയുടെ സാഹായത്തോടെ ഒളവണ്ണയിൽ സംഘടിപ്പിച്ച ലിംഗസമത്വ ജെൻഡർ പാർലമെന്റ് തൊഴിൽവകുപ്പുമന്ത്രി **ടി.പി.രാമകൃഷ്ണൻ** ഉദ്ഘാടനം ചെയ്യുന്നു

ഒളവണ്ണയിൽ ജെൻഡർ പാർലമെന്റ് സംഘടിപ്പിച്ചു

ജെൻഡർ സൗഹൃദ ബ്ലോക്ക് പഞ്ചായത്ത് എന്ന ലക്ഷ്യത്തോടെ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന സമതയുടെ ഭാഗമായ ജെൻഡർ പാർലമെന്റ് ഒളവണ്ണയിൽ സംഘടിപ്പിച്ചു. കിലയുടെ സഹകരണത്തോടെയായിരുന്നു പാർലമെന്റ് സംഘടിപ്പിച്ചത്. തൊഴിൽ വകുപ്പുമന്ത്രി ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സ്ത്രീവിരുദ്ധതയുടെ എല്ലാ മുഖങ്ങളും തുറന്നുകാണിക്കുമെന്ന് ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രി രാമകൃഷ്ണൻ പറഞ്ഞു. തൊഴിൽ ഇടങ്ങളിൽ ലിംഗസമത്വം ഉറപ്പാക്കാൻ സംസ്ഥാനസർക്കാർ പ്രതിജ്ഞാബദ്ധമാണ്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്ന പദ്ധതികൾക്കായി അമ്പതുകോടി രൂപ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ആധുനിക വ്യവസായമേഖലയിലെ സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കാൻ സർക്കാർ പ്രത്യേക പരിഗണന നൽകുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ. മനോജ്കുമാർ അദ്ധ്യക്ഷനായിരുന്നു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, പി.എം. ആതിര, കുടുംബശ്രീ മിഷൻ ജില്ലാ കോർഡിനേറ്റർ പി.സി. കവിത, ഡോ.കെ.പി.എൻ അമൃത, വി.മോയി, ഒളവണ്ണ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് മനോജ് പാലത്തൊടി, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.പി. ഹസീന, സ്ഥിരം സമിതി അദ്ധ്യക്ഷ പി.റംല, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കെ.കൃഷ്ണകുമാരി, ശിശുവികസന സമിതി ഓഫീസർ രശ്മി രാമൻ എന്നിവർ സംസാരിച്ചു.

പ്രളയബാധിത പ്രദേശങ്ങളിലെ കെട്ടിടനിർമ്മാണത്തിനു കിലയുടെ കൈപ്പുസ്തകം

പ്രളയബാധിത പ്രദേശങ്ങളിലെ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി കിലയുടെ കൈപ്പുസ്തകം. പ്രളയബാധിത പ്രദേശങ്ങളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ പുറത്ത് കുറഞ്ഞത് 150 സെന്റീമീറ്റർ വീതിയിൽ ഗോവണി പണിയണമെന്നാണ് ഒരു നിർദ്ദേശം. ഇടുങ്ങിയ ഗോവണി രക്ഷാപ്രവർത്തനങ്ങൾക്കു തടസ്സം സൃഷ്ടിക്കുമെന്നു കണ്ടാണിത്. പ്രളയം മൂലം കെട്ടിടങ്ങൾക്കുണ്ടായ കേടുപാടുകൾ ശാസ്ത്രീയമായി പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും കൈപ്പുസ്തകത്തിലുണ്ട്. പൂർണ്ണമായി തകർന്ന വീടുകൾ, വിള്ളൽ വീണ കെട്ടിടങ്ങൾ, ബലക്ഷയം വന്നവ എന്നിങ്ങനെ ഇനം തിരിച്ചു നവീകരണപ്രവർത്തനങ്ങൾ നടത്തണമെന്നാണ് നിർദ്ദേശം. ഭൂകമ്പത്തിൽ തകർന്ന മഹാരാഷ്ട്രയിലെ ലാത്തൂർ, ഗുജറാത്തിലെ ഭുജ് എന്നിവിടങ്ങളിലെ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളിയായ വാസ്തുശില്പി ബെന്നി കുര്യാക്കോസിന്റെ നിർദ്ദേശങ്ങളും മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മണ്ണൊലിപ്പ് തടയാൻ ആഴത്തിലുള്ള അടിസ്ഥാനം, വെള്ളം തടസ്സപ്പെടാതിരിക്കാൻ ഉയരത്തിലുള്ള ജലസംഭരണിയും മഴവെള്ള സംഭരണിയും, മേൽക്കൂരിയിൽ സൗരോർജ പാനൽ, ഉയർത്തി പണിത ശുചിമുറി, മലിനജലം ഒഴുക്കാൻ പ്രത്യേക സംവിധാനം, ഉയരത്തിൽ സ്ഥാപിച്ച മീറ്റർ ബോക്സ്, പ്ലൈവുഡിനു പകരം തടി, ചെരിഞ്ഞ മുറ്റം എന്നിങ്ങനെയാണ് നിർദ്ദേശങ്ങൾ. തൂണുകൾക്കു മുകളിലും വീടു പണിയാം. താഴത്തെ നില പണിശാലയായോ പാർക്കിംഗ് സ്ഥലമായോ ഉപയോഗിക്കാം.

കൊട്ടാരക്കര കില ഇ.ടി.സിയിൽ പരിശീലനത്തിനെത്തിയ വി.ഇ.ഒമാരുമായുള്ള മുഖാമുഖം പരിപാടിയിൽ പങ്കെടുത്തു കോട്ടയം ജില്ലാകലക്ടർ **ഡോ.ബി.എസ്.തിരുമേനി** സംസാരിക്കുന്നു

ഗ്രാമസഭകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കണം

ജനങ്ങളുടെ യഥാർത്ഥ ആവശ്യം കണക്കിലെടുത്തുവേണം പ്രാദേശിക വികസനപദ്ധതികൾ തയ്യാറാക്കേണ്ടതെന്നു കോട്ടയം ജില്ലാകലക്ടർ ഡോ. ബി.എസ്. തിരുമേനി പറഞ്ഞു. കൊട്ടാരക്കര കില ഇ.ടി.സിയിൽ പരിശീലനത്തിനെത്തിയ പുതുതായി നിയമനം ലഭിച്ച വി.ഇ.ഒമാരുമായുള്ള മുഖാമുഖം പരിപാടിയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗ്രാമസഭകളിൽ വരുന്ന അഭിപ്രായങ്ങൾ ന്യൂനപക്ഷത്തിന്റെതാണെങ്കിലും പരിഗണിക്കപ്പെടണം. ഗ്രാമസഭാതീരുമാനങ്ങൾ ഭരണഘടന സാധുതയുള്ളതാണെന്നും ആർക്കും അതു മാറ്റാൻ കഴിയില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഗ്രാമസഭകളിൽ കുറഞ്ഞുവരുന്ന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനു ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ശ്രമിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഗ്രാമീണജനതയുടെ വികസനപദ്ധതികൾ ഫീൽഡ് തലത്തിൽ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടവർ എന്ന നിലയിലാണ് വി.ഇ.ഒ മാർ പരിശീലനത്തെ സമീപിക്കേണ്ടതെന്നു കില ഡയറക്ടർ ഡോ.ജോയ് ഇളമൺ പറഞ്ഞു. പരിശീലനത്തിൽനിന്നു കിട്ടുന്ന അറിവുകൾ സ്വാംശീകരിച്ച് നാടിനും ജനങ്ങൾക്കും വേണ്ട നൂതനപദ്ധതികൾ ഏറ്റെടുക്കണം. മൂന്നാംഘട്ട പരിശീലനത്തിനെത്തുന്നവർ ഗ്രൂപ്പുകളായി തിരിഞ്ഞ് പത്തുവീതം പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു. പ്രിൻസിപ്പൽ ജി. കൃഷ്ണകുമാർ ആമുഖപ്രഭാഷണം നടത്തി. ഫാക്കൽറ്റി അംഗങ്ങളായ എസ്. രമേശൻ നായർ, ജി.മുരളീധരൻ പിള്ള, കോഴ്സ് കോർഡിനേറ്റർ വി.പി.റഷീദ്, അപർണ എന്നിവർ സംസാരിച്ചു. 60 പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

ചോദ്യങ്ങൾക്കു മറുപടി

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പദ്ധതി ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനു എഗ്രിമെന്റ് വയ്ക്കാൻ മുദ്രപ്പത്രം നിർബന്ധമാണോ? അങ്ങനെയെങ്കിൽ എത്ര തുകയ്ക്കുള്ള മുദ്രപ്പത്രം വേണം?

● 25,000/-രൂപയിൽ കുറഞ്ഞ ആനുകൂല്യം നൽകുന്ന കാര്യങ്ങളിൽ എഗ്രിമെന്റ് വയ്ക്കുന്നതിനു മുദ്രപ്പത്രം ആവശ്യമില്ല. വെള്ളക്കടലാസിൽ എഗ്രിമെന്റ് വച്ചാൽ മതി. ഇതിൽ കൂടുതലാണെങ്കിൽ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് ആവശ്യമാണ്. (സബ്സിഡി മാർഗ്ഗരേഖ സ.ഉ. (കൈ) 22/2018 തസ്വഭവ. തീയതി 14.2.2018 ഖണ്ഡിക. 2.15)

? ജലസേചന പദ്ധതികൾക്കും കുടിവെള്ള വിതരണ പദ്ധതികൾക്കും ഇലക്ട്രിസിറ്റി ബോർഡിൽ ഒ.വൈ.ഇ.സി ചാർജ് അടക്കേണ്ടി വരുന്നു. ഇതു പഞ്ചായത്തിൽനിന്ന് അടയ്ക്കാമോ?

● ജലസേചന പദ്ധതികൾക്കും കുടിവെള്ള പദ്ധതികൾക്കും വൈദ്യുതി ഏർപ്പെടുത്തുന്നതിനും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഗാർഹിക കണക്ഷൻ നൽകുന്നതതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വികസനഫണ്ട് അല്ലെങ്കിൽ തനതു ഫണ്ട് ഉപയോഗിച്ച് ഒ.വൈ.ഇ.സി അടയ്ക്കാവുന്നതാണ്. (സബ്സിഡി മാർഗ്ഗരേഖ സ.ഉ. (കൈ)22/2018 തസ്വഭവ. തീയതി. 14.2.2018 ഖണ്ഡിക 6.5.7)

? ഏതെല്ലാം കെട്ടിടങ്ങളിലാണ് നിർബന്ധമായും ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തേണ്ടത്?

● കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ പ്രകാരം ഗ്രൂപ്പ് സി.യിൽപ്പെട്ട ആശുപത്രി/ചികിത്സാസൗകര്യങ്ങളുള്ള കെട്ടിടങ്ങൾ എന്നിവയുടെ സംഗതിയിൽ മൂന്നുനിലകളിൽ കൂടുതലുള്ളതും മറ്റ് ഗണങ്ങളിൽ പെട്ട കെട്ടിടങ്ങളിൽ നാലു നിലയിൽ കൂടുതലും ഉള്ള കെട്ടിടങ്ങൾക്കു ലിഫ്റ്റ് സൗകര്യം നിർബന്ധമാണ്. (കേ.പ. കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011. സെ.51)

? പഞ്ചായത്ത് പ്രസിഡന്റ് അവധിയിൽ പ്രവേശിച്ചിരിക്കുകയാണ്. വൈസ് പ്രസിഡന്റിനാണ് പ്രസിഡന്റിന്റെ ചുമതല. ഈ കാലഘട്ടത്തിൽ പ്രസിഡന്റിന്റെ അർഹതപ്പെട്ട ഓണറേറിയം വൈസ് പ്രസിഡന്റിനു നൽകാമോ?

● പഞ്ചായത്ത് പ്രസിഡന്റ് അവധിയിൽ പ്രവേശിക്കുകയും വൈസ് പ്രസിഡന്റിനു പ്രസിഡന്റിന്റെ ചാർജ് വഹിക്കുന്നതിനു അധികാരപ്പെടുത്തുകയും ചെയ്തിരിക്കുന്നതിനാൽ ചാർജ് വഹിക്കുന്ന കാലയളവിൽ പ്രസിഡന്റിന്റെ അർഹതപ്പെട്ട ഓണറേറിയം വൈസ് പ്രസിഡന്റിനു നൽകാവുന്നതാണ്. (1995 ലെ കേരള പഞ്ചായത്ത് രാജ് ജനപ്രതിനിധികളുടെ ഓണറേറിയവും ബത്തകളും ചട്ടങ്ങൾ-ഖണ്ഡിക. 3. സി)

? പുതുക്കിയ മാനദണ്ഡപ്രകാരം സാമൂഹ്യസുരക്ഷ പെൻഷനുകൾ അനുവദിക്കുന്നതിനു 1200 ചതുരശ്ര അടിയിൽ കൂടുതൽ വലിപ്പമുള്ള വീടുകളിൽ താമസിക്കുന്നവർ 1000 സി.സിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയിലുള്ള വാഹനമുള്ളവർ എന്നിവർക്കു അർഹത ഇല്ല എന്നു പറയുന്നു. ഇതു കാർഷികതൊഴിലാളി പെൻഷനും വാർദ്ധക്യകാല പെൻഷനും ബാധകമാണോ?

● എല്ലാ സാമൂഹ്യസുരക്ഷാപെൻഷനും ബാധകമാണ്.

? അങ്കണവാടി വർക്കർ, ആയ എന്നിവർക്കു സാമൂഹ്യസുരക്ഷാപെൻഷൻ അനുവദിക്കാമോ?

● സാമൂഹ്യസുരക്ഷാപെൻഷനു വാർഷിക കുടുംബ വരുമാനവും വീടിന്റെ തറവിസ്തൃതിയും, 1000 സി.സിയിൽ കൂടിയ കപ്പാസിറ്റിയുള്ള വാഹനം സ്വന്തമായുണ്ടോ തുടങ്ങിയ നിബന്ധനകളാണ് പറഞ്ഞിട്ടുള്ളത്. അപ്രകാരമുള്ള നിബന്ധനകളിൽനിന്നു ഒഴിവായിട്ടുള്ളവരാണെങ്കിൽ പെൻഷൻ നൽകാം. അങ്കണവാടി ജീവനക്കാരെ പെൻഷൻ നൽകുന്നതിൽനിന്ന് ഒഴിവാക്കണമെന്നു പറഞ്ഞിട്ടില്ല.

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

പ്രളയം കുട്ടികളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളിൽനിന്ന് അവരെ മോചിപ്പിക്കാനും ആത്മവിശ്വാസമുയർത്താനും കിലയിൽ സംഘടിപ്പിച്ച കൂടിയാലോചന ശില്പശാല

പ്രളയാഘാതം: കുട്ടികളെ ഊർജ്ജസ്വലരാക്കാൻ ശില്പശാല

പ്രളയം കുട്ടികളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളിൽനിന്ന് അവരെ മോചിപ്പിക്കാനും ഊർജ്ജസ്വലരാക്കി അവരിൽ ആത്മവിശ്വാസമുയർത്താനും കില മുന്നിട്ടിറങ്ങുന്നു. കുട്ടികളിൽ ആഹ്ലാദവും ഉത്സാഹവും പ്രതീക്ഷയും ആത്മവിശ്വാസവും വീണ്ടെടുക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൂടിയാലോചനശില്പശാല സംഘടിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യാൻ പ്രളയബാധിത ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമാണ് കിലയിൽ ഒത്തുചേർന്നത്. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ 20 ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള പ്രസിഡന്റുമാർ, ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ആരോഗ്യ-വിദ്യാഭ്യാസസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറിമാർ, മെഡിക്കൽ ഓഫീസർമാർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ, ഹെഡ്മാസ്റ്റർമാർ എന്നിവർ ശില്പശാലയിൽ പങ്കെടുത്തു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് തുളസിതഭായ് പത്മനാഭൻ, ഡോ.പീറ്റർ എം.രാജ്, ഡോ.സുബ്രഹ്മണ്യം എന്നിവർ സംസാരിച്ചു.

കേച്ചേരി പുഴ സംരക്ഷണത്തിന്റെ ഭാഗമായുള്ള പുഴ സർവേ പ്രവർത്തനങ്ങൾ
ഡോ.പി.കെ.ബിജു എം.പി. ഉദ്ഘാടനം ചെയ്യുന്നു

കേച്ചേരിപുഴസംരക്ഷണം: സർവേ നടപടികൾ ആരംഭിച്ചു

തൃശ്ശൂർ ജില്ലാഭരണകൂടത്തിന്റെ നേതൃത്വത്തിൽ കേച്ചേരി പുഴ സംരക്ഷണത്തിന്റെ ആദ്യപടിയായി പുഴ സർവേ പ്രവർത്തനങ്ങൾക്കു തുടക്കമായി. പുഴ കടന്നുപോകുന്ന ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭയുടേയും നാലു ബ്ലോക്ക് പഞ്ചായത്തുകളുടേയും നേതൃത്വത്തിൽ ജില്ല സർവേ ടീമാണ് പുഴ ആരംഭിക്കുന്ന തെക്കുകര ഗ്രാമപഞ്ചായത്തിൽ നിന്ന് സർവേ ആരംഭിച്ചത്. വിരുപ്പാക്കയിൽ ഡോ. പി.കെ.ബിജു എം.പി ഉദ്ഘാടനം ചെയ്തു. തെക്കുംകര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എം.കെ.ശ്രീജ അദ്ധ്യക്ഷയായിരുന്നു. വടക്കാഞ്ചേരി നഗരസഭ വൈസ് ചെയർമാൻ എം.ആർ. അനൂപ് കിഷോർ, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എ.കെ. സുരേന്ദ്രൻ ജില്ലസർവേ സൂപ്രണ്ട് സി.ആർ.ശോഭന, കില കോർഡിനേറ്റർ എം.രേണുകുമാർ എന്നിവർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡൻറ് സി.പി.സുനിൽകുമാർ സ്വാഗതവും വികസനസ്റ്റാൻഡിംഗ്കമ്മിറ്റി ചെയർപേഴ്സൺ പുഷ്പലത നന്ദിയും പറഞ്ഞു. ജില്ലാസർവേ സൂപ്രണ്ടിന്റെയു ഹെഡ് സർവേയർ എസ്. നസീറിന്റെയും നേതൃത്വത്തിൽ പത്തു സർവേയർമാരും, ദേശമംഗലം, എരുമപ്പെട്ടി, എങ്കക്കാട് ഐ.ടി.ഐ കളിലെ പരിശീലനം സിദ്ധിച്ച 68 വിദ്യാർത്ഥികളുമടങ്ങുന്ന സംഘമാണ് പുഴയുടെ അതിർത്തികൾ അളന്നു തിട്ടപ്പെടുത്തി സർവേ കല്ലു സ്ഥാപിച്ചത്. ഡോ. പി.കെ.ബിജു എം.പി മുൻകൈ എടുത്താണ് 70 കിലോമീറ്റർ വരുന്ന കേച്ചേരിപുഴ പുനരുജ്ജീവനത്തിനുള്ള പദ്ധതി തയ്യാറാക്കിയത്.തുടർന്നുള്ള സർവേ പ്രവർത്തനങ്ങളിൽ തൃശ്ശൂർ മഹാരാജാസ് പോളിടെക്നിക്ക്, ചേലക്കര ഗവ.പോളിടെക്നിക്ക്, വിദ്യ എഞ്ചിനിയറിംഗ് കോളേജ് എന്നിവിടങ്ങളിലെ പരിശീലനം ലഭിച്ച 300 വിദ്യാർത്ഥികൾ പങ്കെടുക്കും. ഡിസംബറിൽ സർവേ നടപടികൾ പൂർത്തിയാക്കാനാണ് ലക്ഷ്യം. സർവേക്കു തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ആദ്യബാച്ചിന്റെ പരിശീലനം കിലയിൽ നേരത്തെ പൂർത്തിയായിരുന്നു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. വടക്കാഞ്ചേരി നഗരസഭ വൈസ് ചെയർമാൻ അനൂപ് കിഷോർ അദ്ധ്യക്ഷനായിരുന്നു. പുഴയെ പരിചയപ്പെടുത്തി വിനോദ് കുമാറും പരിശീലനപരിപാടികളെക്കുറിച്ച് കോർഡിനേറ്റർ എം.രേണുകുമാറും സംസാരിച്ചു. ദേശമംഗലം, എരുമപ്പെട്ടി, എങ്കക്കാട് ഐ.ടി.ഐകളിൽനിന്നുള്ള 80 വിദ്യാർത്ഥികളാണ് ആദ്യബാച്ച് പരിശീലനത്തിൽ പങ്കെടുത്തത്.

തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ്, തേജസ് എഞ്ചിനീയറിംഗ് കോളേജ്, ഐ.ഇ.എസ് എഞ്ചിനീയറിംഗ് കോളേജ്, എം.ടി.ഐ. തൃശ്ശൂർ, ഗവർമ്മെൻറ് പോളിടെക്നിക്ക് ചേലക്കര എന്നിവിടങ്ങളിൽനിന്നുള്ള 400 വിദ്യാർത്ഥകൾക്കു കൂടി പരിശീലനം നൽകുന്നുണ്ട്. സർവേ ടീമിന്റെ സാങ്കേതിക സഹായത്തോടെ 500 വിദ്യാർത്ഥികളാണ് സർവേയിൽ പങ്കെടുക്കുക. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ശാസ്ത്രീയമായി സർവേ നടത്തി ഒരു പുഴ പുനരുജ്ജീവിപ്പിക്കുന്നതു സംസ്ഥാനത്ത് ഇതാദ്യമാണ്. സർവേക്കുശേഷം സ്ട്രീം കമ്മിറ്റികളുടെ നേതൃത്വത്തിൽ പുഴ സംരക്ഷണം, നദീതട സംരക്ഷണം, തുടങ്ങിയവക്കു പ്രാദേശികസർക്കാരുകളുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കും. 24 സർക്കാർ വകുപ്പുകളും നിലവിലുള്ള വിവിധ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും സംയോജിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

കിലയിൽനിന്ന് വിരമിച്ച ജീവനക്കാരി ടി.ജി ഇന്ദിരയ്ക്ക് സഹപ്രവർത്തകർ നൽകിയ യാത്രയയപ്പുയോഗത്തിൽ കിലയുടെ ഉപഹാരം ഡയറക്ടർ **ഡോ.ജോയ് ഇളമൺ** സമ്മാനിക്കുന്നു

ഹിമാചൽ പ്രദേശിലെ ജനപ്രതിനിധികൾക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി
കില ഡയറക്ടർ **ഡോ.ജോയ് ഇളമൺ** ഉദ്ഘാടനം ചെയ്യുന്നു

ഹിമാചൽപ്രദേശ് ജനപ്രതിനിധികൾ കിലയിൽ

കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ചും വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും നേരിൽ കണ്ട് വിലയിരുത്തുന്നതിനും പഠിക്കുന്നതിനുമായി ഹിമാചൽ പ്രദേശിൽനിന്നുള്ള 30 അംഗ സംഘം കിലയിലെത്തി. ചാമ്പ ജില്ലയിലെ ഗ്രാമ-ബ്ലോക്ക്-ജില്ല പഞ്ചായത്ത് അദ്ധ്യക്ഷന്മാരും ഉദ്യോഗസ്ഥരുമാണ് സംഘത്തിലുള്ളത്. കിലയിൽ ഇവർക്കു സംഘടിപ്പിച്ച നാലുദിവസത്തെ പരിശീലനപരിപാടി ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. സെക്ഷൻ ഓഫീസർ കെ.ബാബു, കോർഡിനേറ്റർ മായാശശിധരൻ എന്നിവർ സംസാരിച്ചു. കേരളത്തിലെ ജനാധിപത്യ വികേന്ദ്രീകൃതാസൂത്രണം, പഞ്ചായത്തുകളുടെ പ്രവർത്തനം, പങ്കാളിത്ത ആസൂത്രണം, ശിശുസൗഹൃദ പ്രാദേശിക സർക്കാരുകൾ, കുടുംബശ്രീപ്രവർത്തനവും ഗ്രാമപഞ്ചായത്തുകളും തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. കില അസോസിയേറ്റ് പ്രൊഫസർമാരായ ഡോ.ജെ.ബി.രാജൻ, ഡോ. പീറ്റർ എം.രാജ്, എക്സ്റ്റൻഷൻ ഫാക്കൽറ്റി എം.ജി. കാളിദാസൻ തുടങ്ങിയവർ നേതൃത്വം നൽകി. ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്, പാറളം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയ സംഘം അവിടങ്ങളിലെ വികസന പ്രവർത്തനങ്ങൾ നേരിൽ കാണുകയും ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തു.

കിലയിലെത്തിയ പദയാത്രികർ കില ഡയറക്ടർ ഡോ.ജോയ് ഇളമണുമായി തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു

നാളത്തെ ലോകം നമ്മുടേത്: പദയാത്രാസംഘം കിലയിൽ

നാളത്തെ ലോകം നമ്മുടേത് എന്ന മുദ്രാവാക്യവുമായി നവംബർ 10 നു കാസർകോഡുനിന്നാരംഭിച്ച പദയാത്ര ഡിസംബർ 20 നു തിരുവനന്തപുരത്തു സമാപിച്ചു. ജനാധിപത്യ മതേതരത്വത്തിനും അഹിംസയ്ക്കും സാമൂഹ്യ നീതിക്കും പ്രകൃതിക്കുംവേണ്ടി കൂടെ കൂടാമോ എന്നതാണ് പദയാത്രയുടെ മുദ്രാവാക്യം. സാമൂഹ്യ-സാമ്പത്തിക നീതിക്കും ജനഹിതം നടപ്പിലാക്കുന്നതിനും വേണ്ടി സമസ്ത മേഖലകളിലും മാറ്റം വരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താൻ, മനുഷ്യാവകാശ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, ദളിത്-ആദിവാസി ആക്ടിവിസ്റ്റുകൾ, ഗാന്ധിയന്മാർ, കൃഷിക്കാർ, കച്ചവടക്കാർ, അധ്യാപകർ, പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ തൊഴിലാളികൾ, സ്ത്രീകൾ തുടങ്ങിയവരുടെ പൊതു പങ്കാളിത്തത്തോടെയാണ് പദയാത്ര സംഘടിപ്പിച്ചത്.

അഡ്വ.അഫീന സുന്ദർ, ഫായിഖ് സെയ്ദ്, വിളയോടി വേണുഗോപാൽ, പി.ടി.എം ഹുസൈൻ എന്നിവരാണ് പദയാത്രയ്ക്കു നേതൃത്വം നൽകിയത്. വിദ്യാർത്ഥികൾ ഉൾപ്പെടെ 30 പേർ പദയാത്രയിൽ സ്ഥിരാംഗങ്ങളാണ്. പദയാത്രികർ കിലയിലെത്തി കില ഡയറക്ടർ ഡോ. ജോയ് ഇളമണുമായി തങ്ങളുടെ അനുഭവങ്ങൾ പങ്കുവഹിച്ചു. നാളത്തെ ലോകം നമ്മുടേതാണെന്ന സന്ദേശവുമായി 41 ദിവസം നീണ്ടുനിന്ന പദയാത്ര പട്ടണങ്ങളിലൂടേയും ഗ്രാമങ്ങളിലൂടേയുമാണ് കടന്നുപോയത്.

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**